**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **13-01-2021 - ൽ മറുപടിയ്ക്ക്**

**യുവജനകാര്യ വകുപ്പിനു കീഴിലുള്ള പരിശീലന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനകാര്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന നേതൃത്വപരിശീലന ക്യാമ്പുകൾ, വ്യക്തിത്വ വികാസ പരിശീലന പരിപാടികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കേരള സംസ്ഥാന യുവജനകമ്മീഷൻ യുവജനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു. 1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി/ പട്ടിക വർഗ്ഗകോളനികളിലും ബോധവത്ക്കരണ പരിപാടികൾ . 2. ദേശീയസെമിനാർ, ജില്ലാതല സെമിനാർ/സിമ്പോസിയം/ശില്പശാല. 3.പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം. 4.യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം. 5. ദേശീയ യുവജന ദിനാഘോഷം. |
| (ബി) | ഇത്തരം പരിശീലന പരിപാടികളിലേയ്ക്ക് യുവജനങ്ങളെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് പ്രകാരം 18 നും 40 നും ഇടയിലുള്ള സന്നദ്ധരായ യുവജനങ്ങളെയാണ് പരിശീലന പരിപാടികൾക്കായി തെരഞ്ഞെടുക്കാറുള്ളത്. |
| (സി) | ഇത്തരം പരിശീലന പരിപാടികൾക്ക് വർഷം തോറും സർക്കാർ ചെലവഴിക്കുന്ന തുക എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | അതാത് സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന് അനുസൃതമായാണ് തുക ചെലവഴിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയിൽ നിന്നും ക്യൂ ബിൽ ഉൾപ്പെടെ അനുവദിച്ച മുഴുവൻ തുകയും ചേർത്ത് 72,95,000/-(എഴുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) രൂപ ചെലവാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായ എൺപത്തി നാല് ലക്ഷം രൂപയിൽ നിന്നും 42,00,000/-(നാൽപ്പത്തി രണ്ട് ലക്ഷം രൂപ) രൂപ രണ്ട് ഗഡുക്കളായി നൽകുകയും ടി തുകയിൽ നിന്നും ഇതുവരെ |

| | | | |
|---|---|---|---|
| | | | 21,45,000/- (ഇരുപത്തി ഒന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ) രൂപ ചെലവാക്കിയിട്ടുള്ളതുമാണ്. |
| (ഡി) | പരിശീലന പരിപാടികളിൽ നേതൃത്വം നൽകുന്നത് ആരെല്ലാം; അവരെ പരിഗണിക്കുന്നതിനുള്ള മാനദണ്ഡം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ? | (ഡി) | കേരള സംസ്ഥാന യുവജന കമ്മീഷൻ പരിശീലന പരിപാടികൾ സർക്കാർ ഉത്തരവിലൂടെ നിയമാനുസൃതമായി നിയമിതരായ കമ്മീഷൻ ചെയർപേഴ്സന്റെയും 13 അംഗങ്ങളുടേയും നേതൃത്വത്തിലാണ് സംഘടിപ്പിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ